# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം



# പൗലൊസിന്റെ ആശ്ചര്യകരമായ യാത്രകൾ

എഴുതിയത് : Edward Hughes
ഉദാഹരണം : Janie Forest
അംഗികരിച്ചത് : Ruth Klassen
Alastair Paterson
തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

യേശുവിന്റെ ശുശ്രൂഷകന്മാരായ പൗലൊസും ശീലാസും കാരാഗൃഹത്തിലായിരുന്നു. അവർ കുറ്റകരമായത് ഒന്നും ചെയ്തിട്ടില്ല. ഒരു സ്ത്രീയിൽ ഉായിരുന്ന ഭൂതത്തെ പുറത്താക്കിയതേയുള്ളൂ. ഫിലിപ്പിയയിൽ പാർത്തിരുന്ന ബിംബാരാധികൾക്ക് സത്യദൈവത്തെയും തന്റെ പുത്രനായ യേശുക്രിസ്തുവിനെയും അവർ കാട്ടിക്കൊടുത്തു.അതിനാണ് അവരെ അറസ്റ്റ് ചെയ്യുകയും അടിക്കുകയും ജയിലിൽ അടയ്ക്കുകയും ചെയ്തത്.





പൗലൊസും
ശീലാസും കുപിതരും
കൈപ്പുള്ളവരുമായിത്തീർന്നുവെന്ന്
നിങ്ങൾ ചിന്തിച്ചേക്കും
എന്നാൽ അവർ
അങ്ങനെയല്ലായിരുന്നു.
വാസ്തവത്തിൽ,
അർധരാത്രിയിൽ അവർ
എഴുന്നേറ്റിരുന്ന് പാട്ടുപാടുകയും
ദൈവത്തെ സ്തുതിക്കുകയും
ചെയ്തു. മറ്റു ജയിൽവാസികളും
കാരാഗൃഹ പ്രമാണിയും അതു കേട്ടു.



പെട്ടെന്നു പാട്ട് നിന്നു. ആ ജയിൽ കുലുക്കുവാൻ തക്കവണ്ണം ദൈവം ഒരു ഭൂമികുലുക്കം വരുത്തി. എല്ലാ വാതിലുകളും തുറന്നു. സകലരുടെയും ചങ്ങല പൊട്ടി.





ഓ–ഓ! ജയിലിലെ സകല
കുറ്റവാളികളും ഇതിനിടെ
ഓടിപ്പോയിട്ടുന്ന്
കാരാഗൃഹപ്രമാണിക്ക്
ഉറപ്പായി. അവരിൽ
ഒരാളെങ്കിലും രക്ഷപ്പെട്ടാൽ
കാരാഗൃഹപ്രമാണിക്ക്
മരണശിക്ഷയാണ്
വിധി. ദുഃഖിതനായ
കാരാഗൃഹപ്രമാണി
തന്റെ വാൾ വലിച്ചൂരി
അവൻ തന്നെത്താൻ കൊന്ന്
സകല പ്രശ്നത്തിനും
പരിഹാരം കാണുമായിരിക്കും.

എന്നാൽ പൗലൊസ് വിളിച്ചുപറഞ്ഞു; “ഞങ്ങൾ എല്ലാവരും ഇവിടെ ഉല്ലോ, നിനക്ക് ദോഷമൊന്നും വരുത്തരുത്”. കാരാഗൃഹപ്രമാണി അതുകപ്പോൾ, അവൻ ചോദിച്ചു, “യജമാനൻമാരേ, രക്ഷപ്രാപിപ്പാൻ ഞാൻ എന്തുചെയ്യേണം?” അവർ പറഞ്ഞു, “കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും.” ആ കാരാഗൃഹപ്രമാണി സന്തോഷത്തോടെ വിശ്വസിച്ചു.





പൗലൊസും ശീലാസും അടുത്ത ദിവസം വിമുക്തരാക്കപ്പെടുകയും മറ്റു പല പട്ടണങ്ങളിലും സഞ്ചരിക്കുകയും ജനങ്ങളോട് യേശുവിനെക്കുറിച്ച് പറയുകയും ചെയ്തു. ചിലർ വിശ്വസിച്ചു, മറ്റു ചിലർ അവരെ ഉപദ്രവിക്കുവാൻ ശ്രമിച്ചു. എന്നാൽ ദൈവം തന്റെ ദാസന്മാരോടൊപ്പം ഉായിരുന്നു. ഒരു രാത്രിയിൽ, പൗലൊസ് നാലു മണിക്കൂർ പ്രസംഗിച്ചു. തുറന്ന ജനലിനരികെ ഇരുന്നിരുന്ന ഒരു ചെറുപ്പക്കാരൻ ഉറങ്ങിപ്പോയി. എന്തു സംഭവിച്ചുവെന്ന് നിങ്ങൾ ഊഹിക്കുക.

ആ ചെറുപ്പക്കാരൻ മരിച്ചുവെന്ന് എല്ലാവരും
ചിന്തിച്ചു എന്നാൽ പൗലൊസ്
താഴെയിറങ്ങിച്ചെന്ന് അവനെ
കെട്ടിപ്പിടിച്ചുകൊ് പറഞ്ഞു,
“അവന്റെ ജീവൻ
അവനിൽ ഉ്.” ആ
ചെറുപ്പക്കാരനെ
ജീവനുള്ളവനായി
കൊുവരികയും
എല്ലാവരും വളരെ
സന്തോഷിക്കുകയും
ചെയ്തു.



യൂറോപ്പിലൂടെ സഞ്ചരിച്ചപ്പോൾ പൗലൊസിനും ശീലാസിനും വളരെ സാഹസികത കാട്ടേിവന്നു. പൗലൊസ് നേരിട്ടതിൽ ഏറ്റവും വലിയ ഒരു സാഹസികത സംഭവിച്ചത് താൻ കപ്പലിൽ ആയിരുന്നപ്പോഴാണ്.





താൻ വീും അറസ്റ്റ് ചെയ്യപ്പെട്ടതുമൂലമാണ് പൗലൊസ് കപ്പലിൽ ആയിരുന്നത്. ലോകത്തിന്റെ തലസ്ഥാന നഗരിയായ റോമിലെ ചക്രവർത്തിയുടെ മുമ്പിൽ തനിക്ക് ഹാജരാകേതു്. ശക്തമായ കാറ്റ് കപ്പലിന്റെ വേഗത കുറച്ചു. കാറ്റുള്ള കാലാവസ്ഥയാണ് മുമ്പോട്ടുള്ളതെന്ന് തോന്നുന്നു. കപ്പൽക്കാർക്കും പൗലൊസിനും മറ്റ കാരാഗൃഹവാസികൾക്കും ഈ യാത്ര വല്ലാത്ത പ്രയാസം നിറഞ്ഞ യാത്രയായിത്തീർന്നു.

“പുരുഷന്മാരേ, ഈ കടൽയാത്ര ദുഃഖകരമായ ഒരു പര്യവസാനിയായിത്തീരും.” പൗലൊസ് മുന്നറിയിപ്പു നല്കി. കപ്പിത്താൻമാർ അതു കാര്യമാക്കിയില്ല. അവർ കടലിലൂടെ മുമ്പോട്ടുതന്നെ പോയി. ഒരു കൊടുങ്കാറ്റ് ആഞ്ഞടിച്ചപ്പോൾ, കപ്പൽ തകർന്നുപോകാതിരിക്കേതിനായി അവർ കയറുകൊ് കപ്പലിനുചുറ്റും കെട്ടി. കപ്പൽ തകർന്നാൽ വെള്ളത്തിൽ എല്ലാവരും ചാകും.



കപ്പൽ പൂർണ്ണ നാശത്തിലേക്ക്
പോയിക്കൊണ്ടിരിക്കുന്നതിനാൽ സാധനങ്ങളുടെ
ഭാരം കുറയ്ക്കുവാൻ കപ്പിത്താൻ കല്പിച്ചു.
മൂന്നാംദിവസം അവർ
കപ്പൽക്കോപ്പും
കടലിൽ
ഇട്ടുകളഞ്ഞു.
ഒരുപക്ഷേ,
അതവർക്ക്
സഹായമായിക്കാണും.



രാത്രിയിൽ ഒരു ദൈവദൂതൻ പൗലൊസിന്റെ അടുക്കൽ നിന്നുകൊ്, കാര്യങ്ങൾ എല്ലാം നന്നായിപ്പോകുമെന്ന് പറഞ്ഞു. “ദൈവം എന്നോടു പറഞ്ഞതുപോലെ തന്നെ സംഭവിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊ് പുരുഷന്മാരേ,” എന്ന് പൗലൊസ് പറഞ്ഞപ്പോൾ മറ്റുള്ളവർ ധൈര്യപ്പെട്ടു. എന്നിരുന്നാലും ഒരു ദ്വീപിൽ നാം ചെന്നു മുട്ടേിയിരിക്കുന്നുവെന്ന് പൗലൊസ് കൂട്ടിച്ചേർത്തു.



ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ, മെലിത്തദീപിനടുത്ത് കപ്പൽ ചെന്നുമുട്ടി. പാറയിൽ ഇടിച്ച് കപ്പൽ രായി പിളർന്നു. നീന്തുവാൻ കഴിയുന്നവർ ആദ്യം ചാടി കരപറ്റി രക്ഷപ്പെടട്ടെ എന്ന് ക്യാപ്റ്റൻ ഉത്തരവിട്ടു. ചിലർ കപ്പലിലും ചിലർ തകർന്ന കഷണങ്ങളിലുമായി സകലരും സുരക്ഷിതമായി രക്ഷപ്പെട്ടു.



മെലിത്തദീപിൽ ദൈവം തന്റെ ശക്തി വെളിപ്പെടുത്തി. തീ കത്തിക്കുവാൻ വേി വിറകു പെറുക്കി കൂട്ടിയപ്പോൾ, പൗലൊസിനെ ഒരു അണലി കടിച്ചു. അവൻ മരിച്ചുപോകുമെന്ന് ജനങ്ങൾ ചിന്തിച്ചു. എന്നാൽ അണലി കടിച്ചത് മാരകമായില്ല. പൗലൊസ് ഒരു ദേവൻ ആയിരുന്നുവെന്ന് അപ്പോൾ ജനങ്ങൾ ചിന്തിച്ചു. അനേക രോഗികൾ കടന്നുവരികയും പൗലൊസ് അവർക്കുവേി പ്രാർത്ഥിക്കയും ദൈവം അവരെ സൗഖ്യമാക്കുകയും ചെയ്തു.



ഒടുവിൽ പൗലൊസ് റോമിലെത്തി. തന്റെ പേരിലുള്ള അന്യായം കേൾക്കുവാൻ പിന്നെയും രുവർഷം വേിവന്നു. ഇക്കാലത്ത് പൗലൊസ് ഒരു വാടകവീട് എടുക്കുകയും അവിടെ അതിഥികളെ സ്വീകരിക്കുകയും ചെയ്തു. പൗലൊസ് എന്തായിരിക്കും തന്റെ അതിഥികളോട് സംസാരിച്ചതെന്ന് നിങ്ങൾക്കറിയാമോ? ദൈവരാജ്യത്തെക്കുറിച്ച്! യേശുക്രിസ്തുവിനെക്കുറിച്ച്! മറ്റു പല യാത്രകളിലും എന്നപോലെ റോമിലും പൗലൊസ് ദൈവത്തിന്റെ ശുശ്രൂഷകനായിരുന്നു.



റോമിലായിരുന്നപ്പോൾ പൗലൊസ് എഴുതി. “ഞാൻ നല്ല പോർ പൊരുതു, ഞാൻ ഓട്ടം തികെച്ചു, ഞാൻ വിശ്വാസം കാത്തു:” തന്റെ ജീവിതം എങ്ങനെ അവസാനിച്ചു എന്ന് ബൈബിൾ നമ്മോട് പറയുന്നില്ല. എന്നാൽ നീറോ ചക്രവർത്തിയുടെ കല്പനപ്രകാരം റോമിൽവെച്ച് ശിരഛേദം ചെയ്യപ്പെട്ടു എന്ന് മറ്റ് രേഖകൾ ചൂിക്കാട്ടുന്നു. ദൈവത്തിന്റെ വിശ്വസ്ത സേവകനായി, മറ്റുള്ളവരോട് യേശുക്രിസ്തുവിനെപ്പറ്റി പറഞ്ഞുകൊ്–താൻ ജീവിച്ചിരുന്നതുപോലെ തന്നെ പൗലൊസ് മരിച്ചു.



പൗലൊസിന്റെ ആശ്ചര്യകരമായ യാത്രകൾ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

അപ്പൊസ്തല പ്രവൃത്തി 16, 27, 28

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16